## ദൈവ വ്യവസ്ഥ-ദൈവം അവനെത്തന്നെ പകരുന്നു

**I. ദൈവത്തിന്റെ നിത്യ വ്യവസ്ഥ, അതായത് ദൈവത്തിന്റെ പദ്ധതി, അവന്റെ ഭവനവ്യവസ്ഥയാണ്, അവന്റെ ഭവനത്തിലെ കാര്യനിർവഹണമാണ്; ദൈവത്തിന്റെ പകർച്ച, അതായത് ദൈവത്തിന്റെ വിതരണം, അവൻ തന്റെ വ്യവസ്ഥ നിറവേറ്റുന്നതിനുള്ള പ്രക്രിയയും ഉപാധിയുമാണ്; ഇക്കാരണത്താൽ ദൈവത്തിന്റെ പകർച്ച ദൈവത്തിന്റെ വ്യവസ്ഥയ്ക്കുവേണ്ടിയാണ്**

- ദൈവത്തിന്റെ വ്യവസ്ഥയുടെ കേന്ദ്രവും, ചുറ്റളവും, മൂലകവും, ഗോളവും, മുഖാന്തരവും, ലക്ഷ്യവും, ലാക്കും ക്രിസ്തുവാണ്; വാസ്തവത്തിൽ, ദൈവത്തിന്റെ നിത്യ വ്യവസ്ഥയുടെ എല്ലാ ഉള്ളടക്കങ്ങളും ക്രിസ്തുവാണ്
- ദൈവത്തിന്റെ വ്യവസ്ഥ എന്നത്, നമ്മുടെ ആളത്തം അവന്റെ ആളത്തത്താൽ സംരചിക്കപ്പെടത്തക്ക വണ്ണം അവനെത്തന്നെ നമ്മുടെ ആളത്തത്തിലേക്ക് പകരുന്നതാണ്

## ദൈവ വ്യവസ്ഥ നടപ്പാക്കുവാൻ പകർച്ചക്കാർ, കാര്യവിചാരകന്മാർ ആവശ്യമാണ്

**II. തന്റെ വ്യവസ്ഥ നടപ്പിലാക്കുന്നതിന്, ദൈവത്തിന് വിശ്വസ്തരായ കാര്യവിചാരകന്മാർ, പകർച്ചക്കാർ ഉണ്ടായിരിക്കണം, അവർ ദൈവമക്കൾക്ക് ദിവ്യ ജീവസഹായം പകർന്നുനൽകുന്നു**

- 1 തിമൊ 1:4-ലും എഫെ 1:10-ലും കാര്യവിചാരകൻ എന്നതിനുള്ള യവന പദത്തിന് വ്യവസ്ഥ എന്ന പദത്തിനുള്ള അതേ മൂലപദമാണുള്ളത്
- ദൈവത്തിന്റെ ഭവനക്കാരായ വിശുദ്ധന്മാർക്ക് ബഹുവിധമായ ദൈവകൃപയെന്ന നിലയിൽ ക്രിസ്തുവിനെ പകർന്നുനൽകുന്നതിന് നാമെല്ലാവരും ക്രിസ്തുവിനെ ആസ്വദിക്കുകയും ക്രിസ്തുവിനെ ശുശ്രൂഷിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ വ്യവസ്ഥയുടെ നല്ലവരും വിശ്വസ്തരുമായ കാര്യവിചാരകരായിരിക്കണം

## കാര്യവിചാരകന്മാർ കർത്താവിൽനിന്നുള്ള ഭാരത്തിൽ നിന്നും ശുശ്രൂഷിക്കണം

**III. കർത്താവിൽനിന്ന് ഒരു ഭാരത്തോടെ നാം വചനം ശുശ്രൂഷിക്കണം**

- ദൈവത്തിൽനിന്ന് ഭാരങ്ങൾ സ്വീകരിക്കുന്നതിനുള്ള നിബന്ധന ദൈവത്തോട് ഒരു തുറന്ന ആത്മാവുണ്ടായിരിക്കുന്നതാണ്; കർത്താവുമായുള്ള നമ്മുടെ ഉറ്റ കൂട്ടായ്മയിൽ പ്രാർഥനയിലൂടെ ഭാരങ്ങൾ സ്വീകരിക്കുവാനും ഭാരങ്ങൾ വിടുവിക്കുവാനും നാം പഠിക്കണം
    - ദൈവം നമുക്ക് ഒരു പ്രാർഥനാ ഭാരം നൽകിയാൽ, ഉച്ചാരണത്തിലൂടെ ഭാരം വിടുവിക്കപ്പെടുന്നു
- പ്രവാചകന്മാർക്ക് ലഭിച്ച വെളിപാടുകൾ അവർക്ക് ലഭിച്ച ഭാരങ്ങളായിരുന്നു; ഭാരമില്ലെങ്കിൽ സഭയുടെ കെട്ടുപണിക്കുവേണ്ടി വചനത്തിന്റെ ശുശ്രൂഷയില്ല, പ്രവചനവുമില്ല
    - നമ്മുടെ ഭാരം ദൈവത്തിന്റെ വെളിപാട് മനുഷ്യന് വിടുവിക്കുക എന്നതാണ്, ദൈവം നമുക്ക് നൽകുന്ന വെളിപാടിന്റെ വചനത്തിലൂടെയാണ് ദൈവത്തിന്റെ വെളിപാട് വിടുവിക്കപ്പെടുന്നത്
    - വചനം ശുശ്രൂഷിക്കുന്നവർ ദൈവമുമ്പാകെ ആളുകളുടെ അവസ്ഥയെ വഹിക്കുകയും, അവരുടെ അവസ്ഥയെ മനസ്സിലാക്കുകയും, ദൈവം എന്താണ് പറയാൻ ആഗ്രഹിക്കുന്നതെന്ന് അറിയുകയും വേണം
- സഭയുടെ ഭരണനിർവഹണത്തിലും വചന ശുശ്രൂഷയിലും ഏറ്റവും വലിയ പ്രശ്നം കർത്താവിൽനിന്നുള്ള ഒരു ഭാരം ഇല്ലാത്തതാണ്
    - ഒരു ഭാരമില്ലാതെ നമ്മുടെ എല്ലാ പ്രവർത്തനങ്ങളും നിർജീവമായിരിക്കുകയും ഫലപ്രദമല്ലാതിരിക്കുകയും ചെയ്യും; ഒരു ഭാരമുണ്ടെങ്കിൽ, നാം ജീവനുള്ളവരായിരിക്കുകയും അഭിവൃദ്ധിപ്രാപിക്കുകയും ചെയ്യും
    - ഒരു ഭാരത്തോടെ സേവിക്കുന്നതിനു പകരം ബാധ്യതയ്ക്കനുസൃതമായി സേവിച്ചാൽ, അത്തരം സേവനം നമുക്ക് കർത്താവിന്റെ സാന്നിധ്യം നഷ്ടമാകുവാൻ കാരണമാകും

## കാര്യവിചാരകന്മാർ സ്വതന്ത്രരായിരിക്കാതെ ശരീരത്തിൽ ഒരുമനസ്സിൽ അന്യോന്യം ഏകോപിക്കണം

**IV. നാം ഒരുമനസ്സോടെ അന്യോന്യം ഏകോപിക്കണം**

- നാം ശരീരം കാണുന്നു എന്നതിനുള്ള ഏറ്റവും വലിയ സൂചന നമുക്ക് സ്വതന്ത്രരായിരിക്കുവാൻ കഴിയുകയില്ല എന്നാണ്;
- ശരീരത്തിലുള്ള നമ്മുടെ ഏകോപനത്തിനുവേണ്ടി നമുക്ക് മറ്റുള്ളവരെ ആവശ്യമാണെന്നും മറ്റുള്ളവർക്ക് നമ്മെ ആവശ്യമാണെന്നും ഉള്ള ബോധം നമുക്കില്ലാത്തതിനാൽ, ഒരു പഠിതാവിന്റെ ആത്മാവും തനിക്ക് സഹായം ആവശ്യമാണെന്നതിന്റെ ആത്മാവും നമ്മിൽ ചുരുക്കം പേർക്കേ ഉള്ളൂ
- ദൈവത്തിന്റെ അനുഗ്രഹം നമ്മുടെ ഒരു മനസ്സിനെയും, അന്യോന്യം ആത്മാവിൽ സ്വരചേർച്ചയിൽ ആയിരിക്കുന്നതിനെയും, യഥാർഥ ഏകോപനം ഉണ്ടായിരിക്കുന്നതിനെയും, യഥാർഥ ഒരുമ ഉണ്ടായിരിക്കുന്നതിനെയും ആശ്രയിച്ചിരിക്കുന്നു
- നമ്മുടെ ആത്മാവിന്റെ വ്യായാമത്തോടും വിടുവിക്കലോടുംകൂടെ ഒരു മനസ്സിൽ പ്രാർഥിച്ചുകൊണ്ട് നാം ഒന്നിച്ചു സമന്വയിക്കേണ്ടതുണ്ട്
    - വ്യക്തിപ്രധാനമായ രീതിയിലല്ല, ഒരു സംഘാത ശരീരമായി നാം പ്രാർഥിക്കണം

## സഭയുടെ അധഃപതനത്തെ ജയിക്കുവാനുള്ള മാർഗം

**V. സഭയിൽ അന്യോന്യം ഏകോപനത്തോടെ സേവിക്കുക എന്നാൽ, ദൈവത്തിന്റെ നിത്യവ്യവസ്ഥയുടെ പൂർത്തീകരണത്തിനായി ജീവവൃക്ഷമായും, മറഞ്ഞിരിക്കുന്ന മന്നയായും, വിരുന്നായും ക്രിസ്തുവിനെ ഭക്ഷിക്കുന്നതിലൂടെ ദൈവത്തിന്റെ ഏഴിരട്ടി തീവ്രതപ്രാപിച്ച ആത്മാവിനാൽ സഭയുടെ അധഃപതനത്തെ ജയിക്കുക എന്നാണ്**

- സഭയിൽ അന്യോന്യം ഏകോപനത്തിൽ സേവിക്കുക എന്നാൽ
    - പരിശുദ്ധാത്മാവിൽ ക്രിസ്തുവിനെ നീതിയായും സമാധാനമായും സന്തോഷമായും ആസ്വദിക്കുന്നതാണ്
    - ജനത്തെ ദൈവത്തിനൊത്തവണ്ണം മേയിക്കുക എന്നാണ്
    - ഒരു പ്രസന്നദാതാവായിരിക്കുക എന്നാണ്
    - ദൈവത്തിന്റെ നിറവായി സഭയെ സംരചിക്കുന്നതിനായി ഒഴുകുന്ന ത്രിയേക ദൈവത്തെ കവിഞ്ഞൊഴുകുന്ന ഒരു പ്രവചന ജീവിതം നയിച്ചുകൊണ്ട് സഭയെ കെട്ടുപണി ചെയ്യുക എന്നാണ്